**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 59** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്രപേർക്ക് സംരംഭങ്ങൾ തുടങ്ങാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 2963 സംരംഭങ്ങൾ തുടങ്ങാനായിട്ടുണ്ട്.

**(ബി)** ഇതിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2963 സംരംഭങ്ങൾക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആകെ 1286.96 കോടി രൂപ വായ്പ അനുവദിക്കുകയും, അതിൽ 919.70 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതുമുതൽ പലിശ സബ്സിഡി ഇനത്തിൽ 46.60 കോടി രൂപ സർക്കാരും, പലിശ കിഴിവിനത്തിൽ (റിബെറ്റ്) 25.81 കോടി രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ചെലവഴിച്ചിട്ടുണ്ട്.

**(സി)** ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംരംഭകരെ കൂടാതെ ഓരോ സ്ഥാപനത്തിൽ നിന്നും ശരാശരി 5 പേർക്ക് പ്രത്യക്ഷമായും 10 പേർക്ക് പരോക്ഷമായും തൊഴിൽ നൽകത്തക്കരീതിയിൽ ഒരു വർഷം 500 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി.

GO(Ms) No. 78/2020/Fin dated 27.07.2020 പ്രകാരം 7% പലിശ നിരക്കിൽ 50 ലക്ഷം രൂപവരെ ഓരോ സംരംഭത്തിനും, അഞ്ച് വർഷത്തേക്ക് പലിശയിളവ് ലഭ്യമാകുന്ന വിധത്തിൽ ഉദാരവ്യവസ്ഥകളോടെ വായ്പ ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി ആദ്യം നടപ്പിലാക്കിയത്. GO(Ms) No. 127/2021/Fin dated 05.11.2021 പ്രകാരം വായ്പ പരിധി 50 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപയായി ഉയർത്തി. അതോടൊപ്പം, കെ എഫ് സി റിബേറ്റ് ആയി 2 ശതമാനവും നൽകി പലിശ നിരക്ക് 5% മായി കുറയ്ക്കുകയും ചെയ്തു. ഈ പദ്ധതിയുടെ വായ്പ പരിധി പിന്നീട് GO(Ms) No. 101/2022/Fin. dated 13.06.2022 പ്രകാരം, 2 കോടി രൂപയായി വർദ്ധിപ്പിച്ചു. GO(Ms) No. 96/2025/FIN

dated 29.07.2025 പ്രകാരം ഈ പദ്ധതിയുടെ കാലാവധി 26 ജൂലൈ 2026 വരെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൊതുവിഭാഗത്തിൽപ്പെട്ട 50 വയസ്സിൽ താഴെയുള്ള സംരംഭകർക്കും, എൻ ആർ കെ/ പട്ടികജാതി, പട്ടികവർഗം/ വനിതാ വിഭാഗത്തിൽപ്പെട്ട 55 വയസ്സിൽ താഴെയുള്ള സംരംഭകർക്കും, വിമുക്ത ഭടന്മാർക്ക് വയസ്സിന്റെ പരിധിയില്ലാതെയുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുക. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 19.01.2026 വരെ 3360 വായ്പകൾ അനുവദിച്ചതിലൂടെ 2963 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1374 വനിതാ സംരംഭകർ ഉണ്ട്. പദ്ധതിയിലൂടെ ഇതിനകം പ്രത്യക്ഷമായും, പരോക്ഷമായും 87440 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**